## കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടി ഉത്തരവ്
## (വി.ഭാസ്കരൻ)

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് 2020 - കേരള കോൺഗ്രസ്സ് (എം) പാർട്ടിയുടെ ചിഹ്നമായ **'രണ്ടില'** ജോസ്.കെ.മാണി നയിക്കുന്ന പാർട്ടിക്ക് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================================

**നമ്പർ: ബി4/35422/2020/സംതിക. തിരുവനന്തപുരം, തീയതി. 21.11.2020**

===============================================================================

പരാമർശം:- 1) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 17.11.2020-ലെ ബി4/35422/2020/സം.തി.ക. നമ്പർ ഉത്തരവ്.

2) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 17.11.2020-ലെ ബി4/35422(2)/2020/സം.തി.ക നമ്പർ ഉത്തരവ്.

3) ബഹു.ഹൈക്കോടതിയുടെ 20/11/2020 ലെ WP(C) No. 18556/2020 & 18638/2020 നമ്പർ കേസിലെ വിധിന്യായം.

## ഉത്തരവ്

കേരള കോൺഗ്രസ്സ് (എം) ജോസ്.കെ.മാണി വിഭാഗവും കേരള കോൺഗ്രസ്സ് (എം) പി.ജെ.ജോസഫ് വിഭാഗവും 'രണ്ടില' ചിഹ്നം അനുവദിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുമ്പാകെ അവകാശവാദം ഉന്നയിച്ചതിനാൽ കേരള കോൺഗ്രസ്സ് (എം) പാർട്ടിക്ക് അനുവദിച്ചിട്ടുള്ള 'രണ്ടില' ചിഹ്നം, ബഹു.ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന WP(C) No.18556/2020, 18638/2020 എന്നീ കേസുകളിലെ വിധിക്കു വിധേയമായി മരവിപ്പിച്ചു കൊണ്ട് പരാമർശം ഒന്ന് പ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തങ്ങൾക്ക് 'ടേബിൾ ഫാൻ' ചിഹ്നമായി അനുവദിക്കണമെന്ന് കാണിച്ച് ജോസ്.കെ.മാണി വിഭാഗം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (2) ലെ ഉത്തരവ് പ്രകാരം പ്രസ്തുത ചിഹ്നം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2) അതിനുശേഷം ബഹു.ഹൈക്കോടതി മുമ്പാകെയുള്ള WP(C) No.18556/2020, 18638/2020 കേസുകളിൽ ബഹു.ഹൈക്കോടതി വിധി പറയുകയും കേരള കോൺഗ്രസ്സ് എന്ന പാർട്ടിയുടെ പേരും 'രണ്ടില' ചിഹ്നവും ഉപയോഗിക്കുന്നതിനുള്ള അർഹത ജോസ്.കെ.മാണി നയിക്കുന്ന കേരള കോൺഗ്രസിനാണെന്ന് സൂചന മൂന്നിലെ വിധി പ്രകാരം ഉത്തരവായിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ കേരള കോൺഗ്രസ്സ് (എം) പാർട്ടിക്ക് അനുവദിച്ചിട്ടുള്ള 'രണ്ടില' ചിഹ്നം ജോസ്.കെ.മാണി നയിക്കുന്ന വിഭാഗത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയതിനാൽ 'രണ്ടില' ചിഹ്നം അനുവദിക്കുവാൻ പാർട്ടി ഭാരവാഹികൾ ശുപാർശ ചെയ്യുന്ന സ്ഥാനാർത്ഥികൾക്ക് പ്രസ്തുത ചിഹ്നം അനുവദിക്കേണ്ടതാണ്. സൂചന

രണ്ടു പ്രകാരം ജോസ്.കെ.മാണി വിഭാഗത്തിന് അനുവദിച്ച 'ടേബിൾ ഫാൻ' ചിഹ്നം പിൻവലിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. 'ടേബിൾ ഫാൻ' ചിഹ്നം സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് അനുവദിക്കാവുന്നതാണ്.

**വി.ഭാസ്കരൻ**
സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ

To

ശ്രീ സ്റ്റീഫൻ ജോർജ് എക്സ് എം.എൽ.എ,
സ്റ്റേറ്റ് ജനറൽ സെക്രട്ടറി, സ്റ്റേറ്റ് കമ്മിറ്റി ഓഫീസ്, ഫയർ സ്റ്റേഷനു സമീപം, കോട്ടയം.
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർ.
എല്ലാ വരണാധികാരികൾക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ മുഖേന)
സ്റ്റാന്റിംഗ് കൗൺസിൽ, തിരഞ്ഞെടുപ്പ് കമ്മീഷൻ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

എല്ലാ നോഡൽ ഓഫീസർമാർ.
ലാ ഓഫീസർ
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ.
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
സെക്ഷൻ ഓഫീസർമാർ / സെക്ഷനുകൾ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ